ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കാർഗിൽ യുദ്ധത്തിന്റെ വിജയസ്മരണയിൽ രാജ്യം. ദ്രാസിൽ 25-ാമത് വിജയ് ദിവസിൽ ധീര രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

   The country commemorates the Kargil war victory today . P M Narendra Modi Pays tributes to brave hearts of Kargil War on occasion of 25th Kargil Vijay Diwas in Drass.

2. പാരിസ് ഒളിമ്പിക്സിന് തിരി തെളിയാൻ ഇനി മണിക്കൂറുകൾ മാത്രം . ലോക കായിക മാമാങ്കത്തിന്, ഇന്ത്യൻ സമയം രാത്രി 11 മണിക്ക് സെൻ നദിയിൽ തുടക്കമാകും.

   A few hours left for the Paris Olympics. The world sporting event will begin at 11 pm IST at River Sen.

3. ആസിയാൻ രാജ്യങ്ങളുമായുള്ള രാഷ്ട്രീയ, സാമ്പത്തിക, സുരക്ഷാ സഹകരണത്തിന് മുൻഗണന നൽകുന്നതായി കേന്ദ്രമന്ത്രി എസ് ജയശങ്കർ.

**External Affairs Minister Dr S Jaishankar says political, economic and security cooperation with ASEAN is of utmost priority.**

4. **ഏഴ് കോടിയോളം ജനങ്ങളെ ഒരു വർഷത്തിനകം പരിശോധനയ്ക്ക് വിധേയമാക്കി, അരിവാൾ രോഗ നിർമ്മാർജ്ജനം നടത്തുന്ന ബൃഹത് പദ്ധതിയുമായി കേന്ദ്ര സർക്കാർ.**

**To eliminate Sickle Cell Disease in the country, the central government aims to screen 7 Crore individuals by 2025-26**

5. **ഏഷ്യാ കപ്പ് വനിത ട്വൻറി - 20 ക്രിക്കറ്റിൽ ഇന്ത്യ ഫൈനലിൽ ; രണ്ടാം സെമിയിൽ ടോസ് നേടിയ ശ്രീലങ്ക, പാകിസ്ഥാനെ ബാറ്റിംഗിനയച്ചു.**

**India storm into the finals of the Women's Asia Cup by beating Bangladesh. In the second semi-final, Sri Lanka won the toss and sent Pakistan for bating.**

**&&&&&&&&&&&&&&&&&&**

**KARGIL DIWAS-INTRO**

കാർഗിൽ യുദ്ധത്തിന്റെ വിജയസ്മരണയിൽ രാജ്യം. ഭീകരവാദത്തിൻറെയും നിഴൽയുദ്ധത്തിൻറെയും സഹായത്തോടെയാണ് പാകിസ്ഥാൻ തങ്ങളുടെ സാന്നിധ്യം ഉറപ്പാക്കാൻ ശ്രമിക്കുന്നതെന്ന് ദ്രാസിൽ 25-ാമത് കാർഗിൽ വിജയ് ദിവസിൽ രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി പറഞ്ഞു.

*വിശദാംശങ്ങളിലേക്ക്......*

*(വോയിസ്)*

&&&&&&&&&&&&&&&&&&&

**KARGIL DIWAS-VOICE**

1999 ജൂലൈ 26-ന്, ലഡാക്കിലെ കാർഗിലിൽ മൂന്ന് മാസത്തോളം നീണ്ട യുദ്ധത്തിൽ വീരമൃത്യു വരിച്ച ഇന്ത്യൻ സൈനികരുടെ ധീരതയ്ക്കുള്ള ആദരമായാണ് ദിനാചരണം. കാർഗിൽ വിജയ് ദിവസിൽ രാജ്യത്തിനു വേണ്ടി ജീവൻ ബലിയർപ്പിച്ച ധീര സൈനികർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച രാഷ്ട്രപതി ദ്രൗപതി മുർമു, ഇന്ത്യൻ കരസേനയുടെ സമാനതകൾ ഇല്ലാത്ത ധീരതയ്ക്ക് മുന്നിൽ പ്രണാമം അർപ്പിക്കുന്നതായി സമൂഹമാധ്യമത്തിൽ കുറിച്ചു. ലഡാക്കിലെ ഈ മഹത്തായ ഭൂമി കാർഗിൽ വിജയ് ദിവസിന്റെ 25-ാം വാർഷികത്തിന് സാക്ഷ്യം വഹിക്കുകയാണെന്ന് സദസിനെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിനുവേണ്ടി ചെയ്യുന്ന ത്യാഗങ്ങൾ അനശ്വരമാണെന്ന് കാർഗിൽ വിജയ് ദിവസ് നമ്മോട് പറയുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യൻ സൈനികർ പൂർണ്ണ ശക്തിയോടെ ഭീകരവാദത്തെ തകർക്കുമെന്നും ശത്രുവിന് തക്ക മറുപടി നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി. അഗ്നിപഥ് പദ്ധതിയുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്ന പ്രതിപക്ഷത്തെ വിമർശിച്ച പ്രധാനമന്ത്രി, അഗ്നിപഥ് നിർണായകമായ പരിഷ്കാരങ്ങളിലൊന്നാണെന്നും അത് രാജ്യത്തിൻറെ ശക്തി വർദ്ധിപ്പിക്കുമെന്നും പറഞ്ഞു. അനുസ്മരണ പരിപാടിക്ക് ശേഷം ലഡാക്കിലെ ഷിൻകുൻ ലാ ടണൽ പദ്ധതിയുടെ നിർമാണത്തിനും പ്രധാനമന്ത്രി വിർച്വലായി തുടക്കം കുറിച്ചു.

ന്യൂസ്ഡസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&&

## PARLIAMENT

കാർഗിൽ വിജയ് ദിവസ് വാർഷികത്തിൽ വീരമൃത്യു വരിച്ച സൈനികർക്ക് പാർലമെന്റും ശ്രദ്ധാഞ്ജലി അർപ്പിച്ചു. കാർഗിൽ യുദ്ധത്തിൽ അസാമാന്യ ധീരതയോടെ വിജയം കൈവരിക്കാൻ പ്രയത്നിച്ച എല്ലാ സൈനികർക്കും പ്രണാമം അർപ്പിക്കുന്നതായി രാജ്യസഭാ അദ്ധ്യക്ഷൻ കൂടിയായ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## KARGIL DIWAS-TRIBUTE

കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച സായുധ സേനാംഗങ്ങൾക്ക് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ആദരാഞ്ജലികൾ അർപ്പിച്ചു. ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ അദ്ദേഹം പുഷ്പചക്രം അർപ്പിച്ചു. കര-നാവിക-വ്യോമ സേനകളിലെ ഉപ മേധാവികളും വീരമൃത്യു വരിച്ച സൈനികർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

&&&&&&&&&&&&&&&&&&

## STATE VIJAY DIWAS

25-ാമത് കാർഗിൽ വിജയ് ദിവസിനോടനുബന്ധിച്ച് സംസ്ഥാനത്തും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരം പാങ്ങോട് സൈനിക ക്യാമ്പിൽ നടന്ന പരിപാടിയിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ

യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം സമർപ്പിച്ചു. കൊച്ചി ദക്ഷിണ മേഖല നാവിക കമാൻഡ് ആസ്ഥാനത്തും വിജയ് ദിവസ് ആചരിച്ചു. യുദ്ധ സ്മാരകത്തിൽ കമാൻഡ് മേധാവി വൈസ് അഡ്മിറൽ വി ശ്രീനിവാസ് പുഷ്പചക്രം സമർപ്പിച്ചു.

&&&&&&&&&&&&&&&&&&

## UNESCO

യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ അസമിലെ ചാറൈഡിയോ മൈദത്തെ ഉൾപ്പെടുത്തിയതിൽ സന്തോഷവും അഭിമാനവും പ്രകടിപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പൂർവികരോട് അങ്ങേയറ്റം ആദരവ് പുലർത്തുന്ന മഹത്തായ അഹോം സംസ്കാരത്തെയാണ് ചറൈഡിയോയിലെ മൊയ്ദങ്ങൾ പ്രകടമാക്കുന്നതെന്ന് മോദി ട്വീറ്റിൽ കുറിച്ചു. അഹോം രാജവംശത്തിലെ രാജാക്കന്മാരുടെ 90-ലധികം ശവകുടീരങ്ങൾ സ്ഥിതി ചെയ്യുന്ന ചാറൈഡിയോ മൈദം ആസാമിലെ പിരമിഡുകൾ" എന്നാണ് അറിയപ്പെടുന്നത്.

&&&&&&&&&&&&&&&&&&

## PM – GOVERNING COUNCIL

നിതി ആയോഗിൻ്റെ ഒമ്പതാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിൽ നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കും. ന്യൂഡൽഹിയിലെ രാഷ്ട്രപതിഭവൻ കൾച്ചറൽ സെൻ്ററിലാണ് യോഗം. "വികഷിത് ഭാരത്@2047" എന്നതാണ് ഈ വർഷത്തെ പ്രമേയം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള പങ്കാളിത്തത്തോടെയുള്ള ഭരണവും സഹകരണവും

പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാമ-നഗര ജനസംഖ്യയുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമാണ് ഗവേണിംഗ് കൗൺസിൽ യോഗം ലക്ഷ്യമിടുന്നതെന്ന് നിതി ആയോഗ് വ്യക്തമാക്കി. മൊത്ത ആഭ്യന്തര ഉൽപ്പാദനം അഞ്ച് ട്രില്യൺ യുഎസ് ഡോളർ കടന്ന്, ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയാകാനുള്ള പാതയിലാണ് ഇന്ത്യയെന്ന് നിതി ആയോഗ് അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## MAN KI BAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി സംവദിക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് ഈ ഞായറാഴ്ച രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 112-ാം പതിപ്പാണിത്. ദൂരദർശൻറെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. തുടർന്ന് പ്രാദേശിക പരിഭാഷയും ഉണ്ടായിരിക്കും.

&&&&&&&&&&&&&&&&&&

## JAISHANKAR – ASEAN

ആസിയാൻ രാജ്യങ്ങളുമായുള്ള രാഷ്ട്രീയ, സാമ്പത്തിക, സുരക്ഷാ സഹകരണത്തിന് പ്രഥമ പരിഗണന നൽകുന്നതായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. വിയറ്റ്നാമിൽ ആസിയാൻ- ഇന്ത്യ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ഇന്ത്യയുടെ കിഴക്കൻ നയത്തിൻറെയും ഇന്തോ – പസഫിക്ക് കാഴ്ചപ്പാടുകളുടെയും അടിസ്ഥാനമാണ് ആസിയാനെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**RS- SICKLE**

രാജ്യത്ത് അരിവാൾ രോഗ നിർമ്മാർജ്ജനത്തിന് ബൃഹത് പദ്ധതിയുമായി കേന്ദ്ര ആരോഗ്യമന്ത്രാലയം. 40 വയസ്സിനു താഴെയുള്ള ഏഴ് കോടിയോളം ജനങ്ങളെ ഒരു വർഷത്തിനകം പരിശോധനയ്ക്ക് വിധേയമാക്കുകയാണ് ലക്ഷ്യം. ഇന്ന് രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ ആരോഗ്യ കുടുംബക്ഷേമ മന്ത്രി പ്രതാപ്റാവു ജാദവാണ് ഇക്കാര്യം വ്യക്തമാക്കിയത്. ആദിവാസി മേഖലകളായ 278 ജില്ലകളിൽ 2025-26 വരെ സ്ക്രീനിംഗും കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കൗൺസിലിംഗും നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**EVE LS-BUDGET DISCUSSION**

2024 – 25 ലെ കേന്ദ്ര ബജറ്റ്, ജമ്മു കശ്മീരിലെ ബജറ്റ് എന്നിവ സംബന്ധിച്ച ചർച്ചകൾ ഇന്നും പാർലമെൻറിൽ നടന്നു. ബജറ്റ് സാമ്പത്തിക, സാമൂഹിക തലത്തിൽ മികച്ചതാണെന്നും സാധാരണക്കാർക്ക് ഏറെ ഗുണകരമാകരമാകുമെന്നും ബിജെപി എംപി ജുഗൽ കിഷോർ അഭിപ്രായപ്പെട്ടു. മൂന്നാം നരേന്ദ്ര മോദി സർക്കാർ രാജ്യത്തെ സ്വയം പര്യാപ്തമാക്കുന്നതിനായി നിരന്തര പരിശ്രമം നടത്തി വരുന്നതായി പഞ്ചായത്തീ രാജ് മന്ത്രി രാജീവ് രഞ്ജൻ സിങ് അഭിപ്രായപ്പെട്ടു. ഹരിയാനയിൽ തീർപ്പാകാതെ കിടക്കുന്ന പദ്ധതികൾക്ക് കേന്ദ്രം പരിഗണന നൽകുന്നില്ലെന്ന് കോൺഗ്രസ് നേതാവ് ജയ്‌റാം രമേശ് പറഞ്ഞു. കുറഞ്ഞ താങ്ങുവില സംബന്ധിച്ചും ചർച്ചകൾ നടന്നു. ഹിമാചൽ പ്രദേശിന് സഹായം

നൽകുമെന്ന ബജറ്റ് പ്രഖ്യാപനത്തിൽ ബിജെപി എംപി കങ്കണാ റണാവത്ത് നന്ദി അറിയിച്ചു. ബജറ്റ് യുവാക്കൾ, വനിതകൾ, കർഷകർ, ദരിദ്രർ എന്നിവർക്ക് ബജറ്റ് ഗുണകരമാകില്ലെന്ന് ആം ആദ്മി നേതാവ് ഗുർമീത് സിങ് മീത് ഹയർ ആരോപിച്ചു. കർഷക പ്രശ്നങ്ങൾ പരിഹരിക്കാൻ ബജറ്റിന് സാധിക്കില്ലെന്ന് ശിരോമണി അകാലിദൾ ആരോപിച്ചു.

&&&&&&&&&&&&&&&&&&

**LS-MENSTRUAL LEAVE**

എല്ലാ തൊഴിലിടങ്ങളിലും ശമ്പളത്തോടെയുള്ള ആർത്തവ അവധി നിർബന്ധമാക്കുന്നതിനുള്ള നിർദേശം നിലവിൽ പരിഗണനയിലില്ലെന്ന് കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രി അന്നപൂർണാ ദേവി . ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് കേന്ദ്രമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. പ്രധാനമന്ത്രി മാതൃ വന്ദന യോജന (പ്രകാരമുള്ള മെറ്റേണിറ്റി ബെനഫിറ്റ് തുക വർധിപ്പിക്കാൻ നിർദേശമില്ലെന്നും കേന്ദ്രമന്ത്രി ലോക്സഭയെ അറിയിച്ചു.

&&&&&&&&&&&&&&&&&&

**NIPAH**

കേരളത്തിൽ നിപ പ്രതിരോധ നടപടികൾ തുടരുന്നു. പരിശോധനകൾ വേഗത്തിലാക്കുന്നതിനായി പൂനെയിൽ നിന്നുള്ള ഐ.സി.എം.ആറി- ൻറെ മൊബൈൽ ലബോറട്ടറി മലപ്പുറം മഞ്ചേരി മെഡിക്കൽ കോളേജിലെത്തിയിട്ടുണ്ട്. നിലവിൽ 472 പേരാണ് നിപ സമ്പർക്ക പട്ടികയിലുള്ളത്.

&&&&&&&&&&&&&&&&&&

## RAIN-KERALA

കേരളത്തിലും ലക്ഷദ്വീപിലും അടുത്ത ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

&&&&&&&&&&&&&&&&&&

## OLYMPICS

പാരിസ് ഒളിമ്പിക്സിന് തിരി തെളിയാൻ ഇനി മണിക്കൂറുകൾ മാത്രം. വൈവിധ്യമാർന്ന വിസ്മയക്കാഴ്ചകളോടെയുള്ള ഔദ്യോഗിക ഉദ്ഘാടന ചടങ്ങുകൾ ഇന്ത്യൻ സമയം രാത്രി 11 മണിക്ക് ആരംഭിക്കും. ചടങ്ങിൽ 10,500 അത്‌ലറ്റുകളെ കൂടാതെ 3,000 കലാകാരന്മാരും പങ്കെടുക്കും. സെൻ നദിയിലൂടെ കായികതാരങ്ങളെയും വഹിച്ചു കൊണ്ട് നൂറിലേറെ ബോട്ടുകളാണ് ഉദ്ഘാടനത്തിൻറെ ഭാഗമായ മാർച്ച് പാസ്റ്റിലുണ്ടാവുക. കായിക താരങ്ങളായ പി വി സിന്ധുവും ശരത് കമലും ഇന്ത്യൻ പതാകയേന്തും.

&&&&&&&&&&&&&&&&&&

## ASIA CUP

ഏഷ്യാ കപ്പ് വനിത ട്വന്റി - 20 ക്രിക്കറ്റിൻറെ ആദ്യ സെമിയിൽ ബംഗ്ലാദേശിനെ 10 വിക്കറ്റിന് തകർത്ത് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. രണ്ടാം സെമിയിൽ ടോസ് നേടിയ

ശ്രീലങ്ക, പാകിസ്ഥാനെ ബാറ്റിംഗിനയച്ചു. രണ്ടാം സെമി ഫൈനലിൽ വിജയിക്കുന്ന ടീമിനെ ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ഇന്ത്യ നേരിടും .

&&&&&&&&&&&&&&&&&&

## LS-JUDGES

2018 മുതൽ ഈ മാസം 22 വരെ 661 ഹൈക്കോടതി ജഡ്ജിമാരെ നിയമിച്ചതായി നിയമ നീതിന്യായ മന്ത്രി അർജുൻ റാം മേഘ് വാൾ ലോക്സഭയിൽ പറഞ്ഞു. ഇതിൽ 21 പേർ പട്ടിക ജാതി വിഭാഗത്തിൽ നിന്നും 12 പേർ പട്ടിക വർഗ വിഭാഗത്തിൽ നിന്നും 78 പേർ മറ്റ് പിന്നാക്ക വിഭാഗത്തിൽ നിന്നും ഉള്ളവരാണ്. 499 പേർ പൊതു വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## POST BUDGET-REV SECY

രാജ്യത്തെ നികുതി സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനും പേപ്പർ രഹിതമാക്കുന്നതിനും കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിക്കുന്നതായി റവന്യൂ സെക്രട്ടറി സഞ്ജയ് മൽഹോത്ര. Associated Chambers of Commerce & Industry of India ഡൽഹിയിൽ സംഘടിപ്പിച്ച ബജറ്റ് സംബന്ധമായ ചർച്ചകളിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. നികുതി സമ്പ്രദായം ലഘൂകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിക്ഷേപം വർധിപ്പിക്കുന്നതിനും സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുന്നതിനും സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചതായും അദ്ദേഹം പറഞ്ഞു .

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&